ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയം, ശാന്തി നഗർ,
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്,
തിരുവനന്തപുരം

**സി.ജി& എ.സി 46755/2013** **തീയതി:02.12.2014**

## <u>സർക്കുലർ</u>

**വിഷയം:- കലാക്ഷേത്ര-ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള സൗജന്യ പരിശീലനം- താല്പര്യമുള്ള കുട്ടികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.**

**സൂചന:** സർക്കാരിന്റെ 22.08.2014 ലെ 3369/14 പൊ.വി.വ നമ്പർ ഉത്തരവ്

സംസ്ഥാനത്തെ എയ്ഡഡ്/ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക പരിശീലനം നൽകുന്നതിന് ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ **'കലാക്ഷേത്ര'** എന്ന പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ സംഘടിപ്പിച്ചിട്ടുണ്ട്.

ഓരോ കേന്ദ്രത്തിലും ഓരോ കലാരൂപത്തിനാണ് പരിശീലനം നൽകുന്നത്. അവധി ദിവസങ്ങളിലും ഒഴിവു ദിവസങ്ങളിലുമാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. 29 വിദ്യാഭ്യാസ ജില്ലകളിലെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലാണ് പരിശീലനം ഒരുക്കിയിരിക്കുന്നത്. താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് അതത് വിദ്യാഭ്യാസ ജില്ലയിലെ കലാക്ഷേത്ര കേന്ദ്രത്തിൽ നിന്ന് പരിശീലനം നേടാവുന്നതാണ്.

പ്രസ്തുത കലാവിഭാഗത്തിൽ പരിശീലനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഇതോടൊപ്പം നൽകിയിട്ടുള്ള അപേക്ഷ പൂരിപ്പിച്ച് അവരുടെ സ്കൂൾ പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതാണ്. പ്രിൻസിപ്പാൾമാർ ലഭിച്ച അപേക്ഷകൾ അതത് കേന്ദ്രങ്ങളിൽ **2014 ഡിസംബർ 10** നു മുമ്പായി നൽകേണ്ടതാണ്.

| ക്രമ നമ്പർ | ജില്ലാ | വിദ്യാഭ്യാസ ജില്ല | ജില്ലാകേന്ദ്രം | പരിശീലനം നൽകുന്ന കലാരൂപം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | ഗവ.ഗേൾസ് എച്ച്.എസ്.എസ് പേരൂർക്കട | ഭരതനാട്യം, |
| 2 | തിരുവനന്തപുരം | ആറ്റിങ്ങൽ | ഗവ.എച്ച്.എസ്.എസ് വെഞ്ഞാറമൂട് | വയലിൻ |
| 3 | തിരുവനന്തപുരം | നെയ്യാറ്റിൻകര | ഗവ.എച്ച്.എസ്.എസ് മൈലച്ചൽ | നാടകം |
| 4 | കൊല്ലം | കൊല്ലം | വിമല ഹൃദയ ജി.എച്ച്.എസ്.എസ് പട്ടത്താനം | മാർഗ്ഗംകളി |
| 5 | കൊല്ലം | കൊട്ടാരക്കര | ഗവ. എച്ച്.എസ്.എസ് കൊട്ടാരക്കര | വൃന്ദവാദ്യം |
| 6 | കൊല്ലം | പുനലൂർ | ഗവ. എച്ച്.എസ്.എസ് പുനലൂർ | മൃദംഗം |
| 7 | പത്തനംതിട്ട | പത്തനംതിട്ട | ഗവ. എച്ച്.എസ്.എസ് കലഞ്ഞൂർ | ഒപ്പന |
| 8 | പത്തനംതിട്ട | തിരുവല്ല | സെന്റ് ബഹനാൻസ് എച്ച്.എസ്.എസ് വെണ്ണിക്കുളം | അറബനമുട്ട് |

| | | | | |
|---|---|---|---|---|
| 9 | ആലപ്പുഴ | ആലപ്പുഴ | സി.കെ എച്ച്.എസ്.എസ് ചേപ്പാട് | നാടൻപാട്ട് |
| 10 | ആലപ്പുഴ | മാവേലിക്കര | കെ.കെ.എം.ജി.വി.എച്ച്.എസ്.എസ് എലിപ്പക്കുളം | കോൽക്കളി |
| 11 | കോട്ടയം | കാഞ്ഞിരപ്പള്ളി | ഗവ.വി.എച്ച്.എസ്.എസ് പൊൻകുന്നം | ഗിറ്റാർ |
| 12 | കോട്ടയം | പാല | സി.എം.എസ് എച്ച്.എസ്.എസ് മേലുകാവ് | ചെണ്ടമേളം |
| 13 | കോട്ടയം | കോട്ടയം | മൗണ്ട് കാർമൽ എച്ച്.എസ്.എസ് | ക്ലാസിക്കൽ ഡാൻസ് |
| 14 | ഇടുക്കി | കട്ടപ്പന | ഗവ. ട്രൈബൽ എച്ച്.എസ്.എസ് | ഗിറ്റാർ |
| 15 | എറണാകുളം | ആലുവ | ഗവ.ഗേൾസ് എച്ച്.എസ്.എസ് നോർത്ത് പരവൂർ | ചവിട്ടുനാടകം |
| 16 | തൃശ്ശൂർ | ഇരിങ്ങാലക്കുട | ഗവ.മോഡൽ എച്ച്.എസ്.എസ് നട വരമ്പ | ചെണ്ട |
| 17 | പാലക്കാട് | പാലക്കാട് | ജി.എം.എം ജി.എച്ച്.എസ്.എസ്, പാലക്കാട് | ഒപ്പന |
| 18 | പാലക്കാട് | മണ്ണാറക്കാട് | ജി.എച്ച്.എസ്.എസ് വെള്ളിനേഴി | ചെണ്ട |
| 19 | കോഴിക്കോട് | കോഴിക്കോട് | ഗവ.മോഡൽ എച്ച്.എസ്.എസ് കോഴിക്കോട് | ചെണ്ട |
| 20 | കോഴിക്കോട് | താമരശ്ശേരി | ഗവ.ഗേൾസ് എച്ച്.എസ്.എസ് ബാലുശ്ശേരി | ജാസ് ഡ്രംസ് |
| 21 | കോഴിക്കോട് | വടകര | എസ്.ഐ.എച്ച്.എസ്.എസ് ഉമ്മ ത്തൂർ | അറബനമുട്ട് |
| 22 | മലപ്പുറം | മലപ്പുറം | ഗവ.മോഡൽ എച്ച്.എസ്.എസ് പെരിന്തൽമണ്ണ | വയലിൻ |
| 23 | മലപ്പുറം | വണ്ടൂർ | ജി.എച്ച്.എസ്.എസ് തൂവൂർ | ഭരതനാട്യം |
| 24 | മലപ്പുറം | തിരൂരങ്ങാടി | എൻ.എൻ.എം എച്ച്.എസ്.എസ് ചേലാമ്പ്ര | ജാസ് ഡ്രംസ് |
| 25 | വയനാട് | വയനാട് | ജി.എച്ച്.എസ്.എസ് മീനങ്ങാടി | വയലിൻ |
| 26 | കണ്ണൂർ | തളിപ്പറമ്പ | സർ സെയ്യ്ദ് എച്ച്.എസ്.എസ് കരിമ്പം | അറബനമുട്ട് |
| 27 | കണ്ണൂർ | തലശ്ശേരി | ജി.എച്ച്.എസ്.എസ് ആറളം | നാടൻപാട്ട് |
| 28 | കാസർഗോഡ് | കാഞ്ഞങ്ങാട് | ജി.എച്ച്.എസ്.എസ് ഉദുമ | തിരുവാതിര |
| 29 | കാസർകോഡ് | കാസർകോഡ് | ജി.എച്ച്.എസ്.എസ് ചെർക്കള | മൈം |

ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർ ഇതു സംബന്ധിച്ച വിവരം സ്കൂളിലെ മുഴുവൻ ഹയർ സെക്കന്ററി വിദ്യാർത്ഥികളെയും അറിയിക്കുന്നതിനും താല്പര്യമുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്വീകരിച്ച് അതത് കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്കൂളുകളിലെ കരിയർ ഗൈഡുകളും സൗഹൃദ കോ-ഓർഡിനേറ്റർമാരും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

**സ്റ്റേറ്റ് കോ-ഓർഡിനേറ്റർ**

# ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ്

## കലാക്ഷേത്ര

പ്രവേശനത്തിനുള്ള അപേക്ഷാഫാറം

അപേക്ഷകന്റെ പേര് :

രക്ഷാകർത്താവിന്റെ പേര് :

സ്കൂളിന്റെ പേരും മേൽവിലാസവും :

അപേക്ഷകനെ ബന്ധപ്പെടാവുന്ന
ഫോൺ നമ്പർ :

പങ്കെടുക്കാൻ ആഗ്രഹിക്കുന്ന
കലാവിഭാഗം :

ജനന തീയതി :

അപേക്ഷകന്റെമേൽവിലാസം :

പരിശീലനം നേടാനാഗ്രഹിക്കുന്ന
കലാവിഭാഗത്തിലുള്ള താല്പര്യവും
ലഭ്യമായിട്ടുള്ള സമ്മാനങ്ങളുടെ
വിവരങ്ങളും :

കുടുംബത്തിന്റെ വാർഷികവരുമാനം :

സ്കൂൾ പ്രിൻസിപ്പലിന്റെ ശുപാർശ :

പ്രിൻസിപ്പലിന്റെ പേരും ഒപ്പും

തീയതി

ഓഫീസ്മുദ്ര